**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3387** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഗസറ്റ് വിജ്ഞാപനത്തിലൂടെയുള്ള പേര് മാറ്റം എസ്.എസ്.എൽ.സി. ബുക്കിൽ വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗസറ്റ് വിജ്ഞാപനത്തിലൂടെ പിതാവിന്റെ പേര് മാറ്റം വരുത്തിയാൽ ആ മാറ്റം എസ്.എസ്.എൽ.സി. ബുക്കിലും വരുത്തുന്നതിന് നിലവിൽ തടസ്സമുണ്ടോ; വിശദീകരിക്കുമോ; | (എ) | ഗസറ്റ് വിജ്ഞാപനത്തിലൂടെ പിതാവിന്റെ പേര് മാറ്റം വരുത്തുന്നതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി ബുക്കിൽ പിതാവിന്റെ പേര് തിരുത്തി നൽകുന്നില്ല. എസ്.എസ്.എൽ.സി ബുക്കിൽ പിതാവിന്റെ പേര് തിരുത്തുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വൺ ആന്റ് സെയിം സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുമാണ്. |
| (ബി) | ഏതെങ്കിലും ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് തടസ്സമെങ്കിൽ ആ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 29/12/2011 തീയതിയിലെ സ.ഉ.(സാധാ)നം.5867/11/പൊ.വി.വ നം. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മാതാപിതാക്കളുടെ പേര് എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തുന്നത്. ഉത്തരവിന്റെ പകർപ്പ് Annexure-I ആയി ചേർക്കുന്നു. |
| (സി) | തടസ്സങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | 29/12/2011 തീയതിയിലെ സ.ഉ.(സാധാ)നം.5867/11/പൊ.വി.വ നം. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മാതാപിതാക്കളുടെ പേര് എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തുന്നത്. |

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

### സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - എസ്.എസ്.എൽ.സി./സ്കൂൾ റിക്കാർഡുകളിൽ, കുട്ടികളുടെ മേൽവിലാസം, മാതാപിതാക്കളുടെ പേര് എന്നിവ തിരുത്തിനൽകുന്നത് - വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ.(സാധാ) നം. 5867/2011/പൊ.വി.വ. തീയതി, തിരുവനന്തപുരം, 29/12/2011

---

പരാമർശം: 1) സ.ഉ. (സാധാ) നം. 2281/11/പൊ.വി. തീയതി 18/6/2011.
2) പരീക്ഷാഭവൻ ജോയിന്റ് കമ്മീഷണറുടെ 12/7/2011-ലെ BB2/8912/2010/സിജിഇ നമ്പർ കത്ത്.

### ഉത്തരവ്

എസ്.എസ്.എൽ.സി/സ്കൂൾ റിക്കാർഡുകൾ എന്നിവയിലെ ജനനത്തീയതി തിരുത്തുന്നതിനുള്ള ആധികാരിക രേഖയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റുകൾ അംഗീകരിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കുട്ടികളുടെ മേൽവിലാസം, മാതാപിതാക്കളുടെ പേര് എന്നിവ തിരുത്തി നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമായ സാഹചര്യത്തിൽ ആയത് തിരുത്തി നൽകുന്നതിന് ജനന സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി പരിഗണിക്കുന്നതോടൊപ്പം ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കുന്നതിന് നിർദ്ദേശിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിയ്ക്കപ്പെട്ട ശുപാർശ വിശദമായി പരിശോധിച്ചു.

കുട്ടികളുടെ മേൽവിലാസം, മാതാപിതാക്കളുടെ പേര് എന്നിവ എസ്.എസ്.എൽ.സി/സ്കൂൾ റിക്കാർഡുകൾ ഇവയിൽ തിരുത്തൽ വരുത്തുന്നതിന്, ജനന സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി പരിഗണിക്കുന്നതോടൊപ്പം ബന്ധപ്പെട്ട വില്ലേജ് ഓഫീസർ രക്ഷകർത്താവിന് നൽകുന്ന സാക്ഷ്യപത്രം (one and same certificate) കൂടി ഹാജരാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് സർക്കാർ ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കൃഷ്ണ ശർമ. പി.
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർമാർ (പരീക്ഷാ കമ്മീഷണർ മുഖേന).
ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (പരീക്ഷാ കമ്മീഷണർ മുഖേന).
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ (പരീക്ഷാ കമ്മീഷണർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ), തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.